## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** **27/02/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.എം.ഷാജി**<br>**ശ്രീ. പി.കെ.അബ്ദു റബ്ബ്**<br>**ഡോ. എം. കെ. മുനീർ**<br>**ശ്രീ. അബ്ദുൽ ഹമീദ് പി.** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്.ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>● കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും ചേർത്ത് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലേക്കുള്ള അനുമതിക്കായുള്ള പ്രാഥമിക അപേക്ഷ ഭാരതീയ റിസർവ്വ് ബാങ്കിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br>● ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി "Software Integration" ന് വേണ്ടിയുള്ള RFP അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>● കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച് ലീഗൽ സെൽ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച കരട് ഭേദഗതി നിർദ്ദേശങ്ങളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടാൻ നടപടി സ്വീകരിച്ചുവരുന്നു.<br>● 14 ജില്ലാ സഹകരണ ബാങ്കുകളുടേയും ബാക്കി പത്ര ശുദ്ധീകരണത്തിന്റെ ഭാഗമായുള്ള ബാങ്ക് തിരിച്ചുള്ള പ്രത്യേക യോഗങ്ങൾ 3 ഘട്ടം പൂർത്തിയായി കഴിഞ്ഞു.<br>● 15 ബാങ്കുകളുടെയും Asset Valuation, Audit എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റ്മാരെ നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>● മനുഷ്യവിഭവശേഷി സംയോജിപ്പിക്കുന്നതിന് വേണ്ട പ്രാഥമിക നടപടി സ്വീകരിച്ചു വരുന്നു.<br>● ജില്ലാ/സംസ്ഥാന ബാങ്കുകളുടെ നിഷ്ക്രിയാസ്തി കുറയ്ക്കുന്നതിനും നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന് മൂലധന പര്യാപ്തത കൈവരിക്കുന്നതിനായുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>● കേരള ബാങ്കിലേക്കുള്ള ഉൽപ്പന്നങ്ങൾ, സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ച പഠനം പുരോഗമിക്കുന്നു. |
| (ബി) | ഇതിന് ജില്ലാ സഹകരണ ബാങ്കുകളുടെ അംഗീകാരം ആവശ്യമാണോ; | (ബി) യും (സി) യും | നിലവിലുള്ള നിയമവ്യവസ്ഥ പ്രകാരം സഹകരണ ബാങ്കുകളെ സംയോജിപ്പിക്കുന്നതിന് ടി ബാങ്കുകളുടെ അംഗീകാരം ആവശ്യമാണ്. ജില്ലാ സഹകരണ ബാങ്കുകൾ ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടതായിട്ടുള്ള ഘട്ടം ആയിട്ടില്ല. |
| (സി) | എങ്കിൽ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ ഈ നിർദ്ദേശത്തെ അംഗീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ; | | |
| (ഡി) | നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | കേരള സഹകരണ ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രീയ ആസ്തികൾ കുറയ്ക്കുന്നതിന് പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ